(ബി) പ്രസ്തുത അപേക്ഷ അനുവദിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ ;

(സി) ആയത് എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഫാമിലി പെൻഷൻ ലഭിക്കുന്നതിനുവേണ്ടി ശ്രീമതി ലക്ഷ്മി അമ്മ സമർപ്പിച്ച അപേക്ഷ 21-7-2015-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ബി&സി) ശ്രീമതി ലക്ഷ്മി അമ്മയ്ക്ക് ഫാമിലി പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് 30-12-2014-ൽ ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസലിൽ അപേക്ഷ ലഭ്യമാക്കിയിരുന്നില്ല. ശ്രീമതി ലക്ഷ്മി അമ്മ 11-6-2015-ൽ സമർപ്പിച്ച അപേക്ഷ 21-7-2015-ൽ ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. കുടുംബവരുമാനം സംബന്ധിച്ച് അപേക്ഷയിൽ പിശകുകളുണ്ട്. അപേക്ഷ പരിശോധിച്ചുവരുന്നു.

സ്വകാര്യ ചുങ്കം പിരിവ്

132 (5215) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുത്തി വ്യക്തികളോ സ്ഥാപനങ്ങളോ സ്വകാര്യമായി ചുങ്കം പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പതിറ്റാണ്ടുകളായി ജനങ്ങൾ ഉപയോഗിച്ചുവരുന്ന ഇത്തരം പാതകളിൽ ജനങ്ങൾക്കു സ്വാതന്ത്ര്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) വളരെ പിന്നോക്കാവസ്ഥയിലുള്ള പ്രദേശത്തെ ജനങ്ങളുടെ ആശുപത്രി ആവശ്യങ്ങളടക്കമുള്ള യാത്രകളെ മുടക്കുന്ന ഇത്തരം സ്വകാര്യപ്പിരിവ് ജനങ്ങളുടെ ജീവൻ ഹനിച്ചിട്ടുള്ള കാര്യം അറിവുള്ളതാണോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റു ജില്ലകളിലൊന്നുംതന്നെ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുത്തി വ്യക്തികളോ, സ്ഥാപനങ്ങളോ സ്വകാര്യമായി ചുങ്കം പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ എസ്റ്റേറ്റുവഴി പ്രയോജനപ്പെടുത്തുന്ന വാഹനങ്ങളിൽനിന്നും തുക ഈടാക്കുന്ന പരാതിയിന്മേൽ ബഹുമാനപ്പെട്ട മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ടും ശിപാർശകളും ജില്ലാ കളക്ടർക്ക് സമർപ്പിക്കുവാൻ ഇടുക്കി ആർ.ഡി.ഒ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും ടി ആഫീസറുടെ അന്വേഷണ നടപടികൾ പൂർത്തിയാക്കുന്നമുറയ്ക്കും ടി വിഷയത്തിന്മേൽ നടപടി സ്വീകരിക്കുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലൊന്നും ബാധകമല്ലാത്തതാണ്.

(സി) ഒരു ജില്ലകളിലും ഇത്തരത്തിൽ ജീവൻ ഹനിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്.

വൈത്തിരി താലൂക്കിലെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്ത നടപടി

133 (5216) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈത്തിരി താലൂക്കിലെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്തതു സംബന്ധിച്ച് 19-3-2013-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത യോഗതീരുമാനപ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഭൂമിക്ക് നികുതി സ്വീകരിക്കുവാൻ തഹസീൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈത്തിരി താലൂക്കിലെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്തത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി 19-6-2013-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിട്ടുണ്ട്.

(ബി&സി) 19-6-2013-ലെ യോഗ തീരുമാനപ്രകാരം 1-1-1977-ന് മുമ്പ് വനഭൂമി കയ്യേറി കൃഷി ചെയ്ത് കൈവശപ്പെടുത്തിയ കൈവശക്കാർ നിലവിലെ സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ റവന്യൂ, സർവ്വെ, വനം എന്നീ വകുപ്പുകൾക്കൂടി സംയുക്ത പരിശോധന നടത്താനും അർഹരായവർക്ക് കൈവശരേഖ നൽകുവാനും 2000 വരെ വർഷത്തിൽ കരം ഒടുക്കുകയും പിന്നീട് കരം സ്വീകരിക്കാത്തതുമായ കൈവശക്കാരുടെ കരം സ്വീകരിക്കാനുള്ള നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly